*01-07-2026*
*Legislative Business*

**നിയമനിർമ്മാണകാര്യം**

(1) 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ

മി. സ്പീക്കർ: ശ്രീ. കെ. എൻ. ബാലഗോപാൽ, അങ്ങേയ്ക്ക് ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഫിനാൻസ് ബിൽ ആണോ?

മി. സ്പീക്കർ: അതെ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (മൈക്ക് ഓഫ്)

മി. സ്പീക്കർ: ഓർഡറിൽ ഒരു മാറ്റമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കേണ്ടതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ക്രമപ്രശ്നം അവതരിപ്പിച്ച് അങ്ങയുടെ റൂളിങ്ങും കഴിഞ്ഞല്ലേ ബിൽ അവതരിപ്പിക്കേണ്ടത്?

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ച് അതുമായി ബന്ധപ്പെട്ട ചർച്ച ആരംഭിക്കുന്നതിനുമുമ്പല്ലേ ക്രമപ്രശ്നം അവതരിപ്പിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (മൈക്ക് ഓഫ്)....

മി. സ്പീക്കർ: ബിൽ സഭയിൽ അവതരിപ്പിച്ചാൽ മാത്രമല്ലേ അങ്ങേയ്ക്ക് ക്രമപ്രശ്നം ഉന്നയിക്കാൻ സാധിക്കുകയുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എൻ. ബാലഗോപാൽ അങ്ങേയ്ക്ക് ക്രമപ്രശ്നം അവതരിപ്പിക്കാവുന്നതാണ്.